**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5518** **24-03-2025 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം ക്രൈം ഡിറ്റാച്ച്മെന്റ് 1346/23-ാം നമ്പർ കേസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തിരുവനന്തപുരം വഞ്ചിയൂർ പോലീസ് സ്റ്റേഷനിലെ തിരുവനന്തപുരം ക്രൈം ഡിറ്റാച്ച്മെന്റ് അന്വേഷിച്ച് വരുന്ന 1346/23-ാം നമ്പർ കേസിലെ ഒന്നാം പ്രതിയെ കേരളാ ഹൈക്കോടതിയും സുപ്രീം കോടതിയിൽ സ്പെഷ്യൽ ലീവ് പെറ്റീഷനും നിരസിച്ച ശേഷവും മജിസ്ട്രേറ്റ് കോടതിയിൽ വാദി പരാതി നൽകുന്നത് വരെ അറസ്റ്റ് ചെയ്യാതിരിക്കാനുളള കാരണം വിശദമാക്കുമോ; | (എ) | തിരുവനന്തപുരം സിറ്റി വഞ്ചിയൂർ പോലീസ് സ്റ്റേഷൻ ക്രൈം. നമ്പർ 1346/2023- കേസിലെ അന്വേഷണം ഊർജ്ജിതമായി നടന്നുവരവെ പ്രതികൾ മുൻകൂർ ജാമ്യത്തിനായി ഹൈക്കോടതിയെ സമീപിച്ചു. ഹൈക്കോടതി ജാമ്യം നിരസിച്ചതിനെ തുടർന്ന് ഒന്നാം പ്രതി നിജേഷ് ചന്ദ്ര ബഹു. സുപ്രീം കോടതിയിൽ സ്പെഷ്യൽ ലീവ് പെറ്റീഷൻ സമർപ്പിച്ചു. കേസ് അന്വേഷണത്തിൽ പോലീസ് ശാസ്ത്രീയമായി ശേഖരിച്ച ഡിജിറ്റൽ തെളിവുകൾ പ്രോസിക്യൂഷൻ മുഖേന സമർപ്പിച്ചതിനാൽ ബഹു.കോടതി ജാമ്യം നിരസിക്കുകയുണ്ടായി. ഒളിവിൽ പോയ ഒന്നാം പ്രതിയെ അന്വേഷിച്ച് കണ്ടെത്തുകയും ഒക്ടോബർ 2-ന് അറസ്റ്റ് ചെയ്തിട്ടുമുണ്ട്. തിരുവനന്തപുരം ബഹു. JFMC-XI കോടതി പ്രതിയെ റിമാൻഡ് ചെയ്ത് ഉത്തരവായിട്ടുള്ളതുമാണ്. |
| (ബി) | പ്രസ്തുത കേസിലെ ഒന്നാം പ്രതിയുടെ ഭാര്യ അഞ്ജലി ബാബുവിന് ഹൈക്കോടതി മുൻകൂർ ജാമ്യം നിരസിച്ച ശേഷവും പ്രസ്തുത വ്യക്തിയെ അറസ്റ്റ് ചെയ്യുകയോ റിപ്പോർട്ട് കോടതിയിൽ ഹാജരാക്കുകയോ ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | കേസിലേക്ക് തെളിവുകളുടെ അഭാവത്തിൽ പ്രതി ചേർക്കപ്പെട്ടിട്ടില്ല. |
| (സി) | പ്രസ്തുത കേസുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ക്രൈം ഡിറ്റാച്ച്മെന്റ് അസിസ്റ്റന്റ് കമ്മീഷണർ നാളിതുവരെയായിട്ട് സ്വർണ്ണം റിക്കവറി ചെയ്തിട്ടില്ലെന്നത് ആഭ്യന്തര വകുപ്പ് പരിശോധിക്കുമോ; റിക്കവറി ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കുമോ? | (സി) | മുത്തൂറ്റ് ബാങ്കിൽ ഒന്നാം പ്രതി പണയപ്പെടുത്തിയിരുന്ന ആവലാതിക്കാരിയുടെ സ്വർണ്ണാഭരണങ്ങൾ നിശ്ചിത കാലയളവിൽ ബാങ്കിൽ നിന്നും അറിയിപ്പ് ഉണ്ടായ ശേഷവും തിരികെ എടുക്കാത്തതിനെ തുടർന്ന് ലേലം ചെയ്തു പോയിട്ടുള്ളതും ഇങ്ങനെ ലേലം ചെയ്ത് പോയ സാഹചര്യത്തിൽ പ്രസ്തുത സ്വർണ്ണം നിയമപരമായി റിക്കവറി നടത്താൻ സാധിക്കില്ല. |

സെക്ഷൻ ഓഫീസർ